**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **30-08-2022 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം എടത്തോട് റോഡിന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നീലേശ്വരം എടത്തോട് റോഡ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയിലെ നീലേശ്വരം - എടത്തോട് റോഡ് വികസനത്തിനായി, സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 28.05.2022 ലെ 1753 അസാധാരണ ഗസറ്റിൽ (20.05.2022 ലെ DCKSGD/15273/2019/L1 നടപടിക്രമം) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തിയുടെ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് (BVR) ജില്ലാ കളക്ടർ 01.07.2022 ന് അംഗീകരിച്ചിട്ടുള്ളതും, Detailed Valuation Statement (DVS) തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലുമാണ്. |
| (ബി) | സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട Detailed Valuation Statement (DVS) അംഗീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഇത്രയും കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ? | (സി) | നീലേശ്വരം - എടത്തോട് റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ (റോഡ്സ് വിഭാഗം) റിക്വിസിഷൻ 09.12.2019 ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികളിലേക്ക് കടക്കുകയുമുണ്ടായി. സാമൂഹിക പ്രത്യാഘാത പഠനം പൂർത്തീകരിച്ച്, വിദഗ്ധ സമിതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുകയും, 19.01.2021 ലെ 188-ാം നമ്പർ അസാധാരണ ഗസറ്റിൽ (30.12.2020 ലെ DCKSGD/15273/2019/L1 നടപടിക്രമം) 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുമുണ്ടായി.<br><br>11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. എന്നാൽ |

| | | | | |
|---|---|---|---|---|
| | | | | റിക്വിസിഷനിംഗ് അതോറിറ്റി ഫണ്ട് യഥാസമയം കെട്ടി വെയ്ക്കാത്തതിനാൽ നിശ്ചിത സമയത്തിനുള്ളിൽ ജില്ലാ കളക്ടർക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വന്നു. അതിനാൽ സർക്കാറിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 18.01.2022 ലെ GO(P) No.36/2022/RD പ്രകാരം സമയപരിധി 6 മാസം കൂടി നീട്ടി അനുവദിക്കുകയുണ്ടായി. ലാന്റ് റവന്യൂ കമ്മീഷണറുടെ 16.05.2022 ലെ എൽ.ആർ/8436/2021/സി1 നമ്പർ ഉത്തരവ് പ്രകാരം ആർ.ആർ പാക്കേജിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. തുടർന്ന് 19(1) പ്രഖ്യാപനം 28.05.2022 ലെ 1753 അസാധാരണ ഗസറ്റിൽ (20.05.2022 ലെ DCKSGD/15273/2019/L1 നടപടിക്രമം) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തിയുടെ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് (BVR) ജില്ലാ കളക്ടർ 01.07.2022 ന് അംഗീകരിച്ചിട്ടുള്ളതും, Detailed Valuation Statement (DVS) തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലുമാണ്. Detailed Valuation Statement (DVS) അംഗീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഈ സ്ഥലം ഏറ്റെടുക്കൽ നടപടി ഇപ്പോൾ അന്തിമ ഘട്ടത്തിൽ എത്തിയിട്ടുള്ളതും താമസമില്ലാതെ പൂർത്തീകരിക്കാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ